بسم الله الرحمن الرحيم

26.12.2008
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# രോഗശമനത്തിനുള്ള മാര്‍ഗ്ഗങ്ങള്‍ വിശുദ്ധ ഖുര്‍ആനില്‍

കഴിഞ്ഞ ഖുത്ബയില്‍ അല്ലാഹു തആലായുടെ ശാഫി എന്ന ഗുണനാമത്തെ പ്രതിപാദിച്ചുകൊണ്ട് ശാരീരിക രോഗശമനത്തെക്കുറിച്ച് ചില കാര്യങ്ങള്‍ ഞാന്‍ പറഞ്ഞിരുന്നു. അല്ലാഹു തന്റെ ദാസരുടെ രോഗ ശമനത്തിന്നായി ചില വസ്തുക്കള്‍ സൃഷ്ടിക്കുകയും അതില്‍ രോഗശമനം വെച്ചതായും പരാമര്‍ശിച്ചിരിക്കുന്നു. എന്നാല്‍ രോഗശമനത്തിന്റെ കാര്യകാരണം അല്ലാഹുവിന്റെ അസ്തിത്വം തന്നെയാണ്. അല്ലാഹുവിന്റെ കല്‍പ്പനയുണ്ടായാല്‍ മരുന്നുകള്‍ക്ക് രോഗശമനത്തിനുള്ള ശക്തിലഭിക്കുന്നു. അവസാനമായി ഞാന്‍ പറഞ്ഞിരുന്നത് ചികിത്സകളെല്ലാം പരാജയത്തില്‍ കലാശിച്ചിട്ടും അല്ലാഹുവിന്റെ ചില ഭക്തദാസരുടെ ദുആ മുഖേന സൗഖ്യം പ്രാപിക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട് എന്നാണ്. ദുആ മുഖേന രോഗം സുഖപ്പെടുന്ന സംഭവങ്ങള്‍ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന് അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള വിശ്വാസം ആദ്യത്തേക്കാള്‍ സുദൃഢമാകുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ ഏകത്വത്തിലും സര്‍വ്വവിധ കഴിവുകളുടെയും അധിപന്‍ അല്ലാഹുവാണെന്നുള്ളതിലും ദൃഢവിശ്വാസം അവര്‍ക്ക് വരുന്നു. ഈ അടയാളങ്ങള്‍ കണ്ടുകൊണ്ട് അല്ലാഹുവിന്റെ സിഫത്തുകളെ കുറിച്ചുള്ള യഥാര്‍ത്ഥജ്ഞാനം ശരിയായ നിലയില്‍ അവനുണ്ടാകുന്നു. ഒരു വിശ്വാസി ഇതെല്ലാം കാണുമ്പോള്‍ സ്വാഭാവികമായും അവന്റെ ആത്മീയ അവസ്ഥയിലും വര്‍ദ്ധനവുണ്ടാകുന്നു. ചുരുക്കത്തില്‍ തന്റെയോ തന്റെ പ്രിയപ്പെട്ടവരുടേയോ ഏതെങ്കിലും അപകടകരമായ രോഗത്തില്‍നിന്ന് രക്ഷപ്രാപിക്കുന്നതും മരണത്തിന്റെ പിടിയില്‍നിന്ന് അവര്‍ രക്ഷപ്പെട്ടുവരുന്നതും ഭൗതിക രോഗശമനമാണെങ്കില്‍കൂടി ഒരു വിശ്വാസിക്ക് അത് ആത്മീയതയില്‍ അഭിവൃദ്ധിപ്രാപിക്കാന്‍ കാരണമായിത്തീരുന്നു. മറ്റൊരു രീതിയില്‍ പറഞ്ഞാല്‍ ചില സന്ദര്‍ഭങ്ങളില്‍ ഭൗതികസൗഖ്യം ലഭിക്കുന്നത് ആത്മീയ സൗഖ്യലഭ്യതക്ക് കാരണമായിത്തീരുന്നു. യഥാര്‍ത്ഥത്തില്‍ മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം തന്നെ ആത്മീയമായ എല്ലാവിധ ദൂഷ്യങ്ങളില്‍ നിന്നും മുക്തിപ്രാപിക്കുന്നതിന്ന് എപ്പോഴും ശ്രമം നടത്തിക്കൊണ്ടിരിക്കുക എന്നതാണ്. ആരോഗ്യവാനായ യഥാര്‍ത്ഥ ദാസനായിത്തീരുന്നതിനു വേണ്ടി അവന്‍ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നതാണ്. ഈ ഒരു ലക്ഷ്യം പൂര്‍ത്തിയാക്കുന്നതിന്നായി അല്ലാഹു തന്റെ ദാസരോട് പറഞ്ഞിരിക്കുന്നത് നിങ്ങള്‍ എന്നെ ആരാധിക്കുക, എന്റെ കല്‍പ്പനകള്‍ അനുസരിച്ച് പ്രവര്‍ത്തിക്കുക എന്നതാണ്. ഇങ്ങിനെയാണെങ്കില്‍ ശാരീരിക രോഗശമനത്തോടൊപ്പം ആത്മീയരോഗശമനത്തിന്റെ കാഴ്ചകളും നിങ്ങള്‍ക്ക് കാണാന്‍ സാധിക്കുന്നതാണ്. അല്ലാഹു തന്റെ പരിപൂര്‍ണ്ണ പ്രവാചകന്‍ മുഖേന നമ്മുടെ ആത്മീയശിഫാക്ക് വേണ്ടി ഒരു പരിപൂര്‍ണ്ണ അദ്ധ്യാപനം വിശുദ്ധ ഖുര്‍ആന്റെ രൂപത്തില്‍ നമുക്കായി ഇറക്കിത്തന്നു എന്നത് അല്ലാഹു നമ്മോട് ചെയ്ത വലിയ ഒരു അനുഗ്രഹമാണ്. വിശുദ്ധഖുര്‍ആന്‍ ഏതെല്ലാം രീതിയിലാണ് നമുക്ക് രോഗശമനം നല്‍കുന്നതെന്ന കാര്യം അതില്‍ പലസ്ഥലങ്ങളിലായി അല്ലാഹു പ്രതിപാദിക്കുന്നുണ്ട്. കഴിഞ്ഞ ഖുത്ബയില്‍ തേനീച്ചയെ പരാമര്‍ശിച്ചുകൊണ്ട് രോഗശമനത്തെക്കുറിച്ച് പറഞ്ഞിരുന്നു. അത് ശാരീരികരോഗത്തിനുള്ള ശമനൗഷധമാണ്. ഇതിനെ കുറിച്ച് കൂലങ്കഷമായി ചിന്തിക്കുകയാണെങ്കില്‍ തേനീച്ച മുഖേന ആത്മീയ രോഗശമനത്തിനുള്ള മാര്‍ഗ്ഗങ്ങളെ കുറിച്ചും അറിയാന്‍ സാധിക്കുന്നതാണ്. തേനീച്ചയെക്കുറിച്ച് അല്ലാഹുതആല പറഞ്ഞത് وَأَوْحَىٰ رَبُّكَ إِلَى ٱلنَّحْلِ നിന്റെ റബ്ബ് തേനീച്ചക്ക് വഹ്‌യ് നല്‍കി' എന്നാണ്. തുടര്‍ന്ന് അല്ലാഹു പറയുന്നു: ഇതുകാരണം തേനീച്ച ഉയര്‍ന്ന പ്രദേശത്ത് കൂടുണ്ടാക്കുകയും പുഷ് പങ്ങളുടെ മധുനുകര്‍ന്നുകൊണ്ട് വിവിധ ഘട്ടങ്ങളിലൂടെ കടന്ന് തേന്‍ നിര്‍മ്മിക്കുകയും ചെയ്യുന്നു. ഇതിനെകുറിച്ച് അല്ലാഹു പറയുന്നു, فِيهِ شِفَآءٌ لِّلنَّاسِ ഇതില്‍ ജനങ്ങള്‍ക്കായി ശിഫാ ഉണ്ട്. ഈ ആയത്തിന്റെ അവസാനത്തില്‍ അല്ലാഹു പറയുന്നു إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ 'ചിന്തിക്കുന്ന ജനങ്ങള്‍ക്ക് ഇതില്‍ വലിയ ദൃഷ്ടാന്തങ്ങളുണ്ട്.'

ഇവിടെ ഏതു കാര്യത്തെക്കുറിച്ചാണ് ചിന്തിക്കാന്‍ പറയുന്നത്? ഒരു സാധാരണ ഈച്ചക്ക് അല്ലാഹു വഹ്‌യ് നല്‍കിക്കൊണ്ട് ജനങ്ങള്‍ക്ക് ഔഷധമായിത്തീരുന്ന ഒരു വസ്തു ഉണ്ടാക്കാനുള്ള മാര്‍ഗ്ഗങ്ങള്‍ അവന്‍ പറഞ്ഞുകൊടുക്കുകയുണ്ടായി. മുസ്‌ലിംകളും അമുസ്‌ലിംകളും ഒരുപോലെ അംഗീകരിക്കുന്ന ഒരു കാര്യമാണ് തേന്‍ ഔഷധമാണെന്നത്. അല്ലാഹു തആലാ വിവരിക്കുന്നു, ഏതൊരു പ്രവര്‍ത്തനത്തിനും ദൈവിക വെളിപാടിന്റെ ആവശ്യമുണ്ട്. അതുകൊണ്ട് അല്ലയോ ജനങ്ങളെ നിങ്ങളില്‍ ചിലര്‍ അല്ലാഹുവിന്റെ അസ്തിത്വത്തെത്തന്നെ നിഷേധിക്കുന്നവരായിത്തീരുന്നുണ്ട്, എന്നാല്‍ തേനുണ്ടായിത്തീരുന്ന വിവിധ ഘട്ടങ്ങളെ കുറിച്ച്, തേനീച്ച പുഷ്പങ്ങളില്‍നിന്ന് മധു നുകര്‍ന്ന് തേന്‍ രൂപപ്പെടുന്നതു വരെയുള്ള വിവിധ അവസ്ഥകളെക്കുറിച്ച് നിങ്ങള്‍ പഠനം നടത്തുകയാണെങ്കില്‍ ഇതെല്ലാം അല്ലാഹുവിന്റെ വഹ്‌യുടെ അടിസ്ഥാനത്തിലാണ് പൂര്‍ണ്ണതയിലെത്തുന്നത് എന്ന് കാണാന്‍ സാധിക്കുന്നതാണ്. ചെറിയ ചെറിയ ജീവികള്‍ പോലും അവരവരുടെ പ്രവര്‍ത്തനങ്ങള്‍ക്കായി വഹ്‌യിയെ ആശ്രയിച്ചിരിക്കുന്നു. അവരുടെ പ്രവര്‍ത്തനങ്ങളെക്കുറിച്ച് അവര്‍ക്ക് മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ കിട്ടിക്കൊണ്ടിരിക്കുന്നു.

ജീവികളിലും കീടങ്ങളിലും ഇതിനുള്ള ഉദാഹരണമാണ് തേനീച്ച. ഇങ്ങിനെ ആയിരിക്കെ ഞങ്ങൾക്ക് വഴികാട്ടാൻ ആരുടെയും ആവശ്യമില്ലെന്നും ഞങ്ങൾക്കാരും വേണ്ട എന്നും എല്ലാം അങ്ങിനെ നടന്നുകൊള്ളും എന്നും മനുഷ്യന് എങ്ങിനെ പറയാൻ സാധിക്കും?

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇത് സംബന്ധമായി പറയുന്നു,

ഭൗതികനായ ഒരു വ്യക്തി മനസ്സിലാക്കുന്നത് തന്റെ പ്രവർത്തനം കൊണ്ടാണ് തന്റെ ജീവിത ലക്ഷ്യം കരസ്ഥമാക്കാൻ സാധിക്കുക എന്നാണ്. എന്നാൽ അവന്റെ പരിശ്രമവും ദുആയുടെ ഒരു ഭാഗം തന്നെയാണ്. അതു മുഖേന അവന്റെ മനസ്സിൽ ആ പ്രവർത്തനം ചെയ്യാനുള്ള ഉപായം തെളിഞ്ഞുവരുന്നു. ഇതും വഹ്‌യുടെ ഒരു ഭാഗമാണ്. അതുകൊണ്ട് തേനീച്ചയുടെ പ്രവർത്തനത്തിൽ നിന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടത് അല്ലാഹുവിന്റെ മാർഗ്ഗദർശനമില്ലാതെ ഏതെങ്കിലും ഒരു പ്രവർത്തനത്തിന്റെ പൂർണ്ണത സാധ്യമല്ല എന്നാണ്. സൃഷ്ടികളിൽ ഉത്തമനായ മനുഷ്യന് ഇരുലോക ജീവിതവും ലഭിക്കുന്നതാണ്. ഈ ലോകവും പരലോകവും. പരലോകജീവിതത്തിന്റെ അവസ്ഥ ഈ ലോകത്ത് നാം ചെയ്യുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ലോകത്ത് എന്തെല്ലാം പ്രവർത്തിക്കണം എന്ന് അല്ലാഹു പറഞ്ഞുതന്നിരിക്കുന്നു. അല്ലാഹു പറഞ്ഞ പ്രവർത്തനങ്ങളാണ് നാം ചെയ്യേണ്ടതെങ്കിൽ അത് വഹ്‌യ് ഇല്ലാതെ എങ്ങിനെ ലഭിക്കും? പിന്നെ എങ്ങിനെ ഫല പ്രദമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് പരലോകത്ത് വിജയം വരിക്കാൻ സാധിക്കും? അതുകൊണ്ട് ദൈവപ്രീതി കരസ്ഥമാക്കിക്കൊണ്ടുള്ള മനുഷ്യന്റെ വിജയപ്രദമായ ജീവിതത്തിന് ദൈവികവെളിപാട് അത്യാവശ്യമാണ്. ഇതിനായി അല്ലാഹു വെച്ചിട്ടുള്ള നിയമം തന്റെ പ്രവാചകന്മാർ മുഖേനയും തന്റെ വരിഷ്ഠദാസർ മുഖേനയും ആത്മീയത കൈവരിക്കാനുള്ള മാർഗ്ഗങ്ങൾ പറഞ്ഞുകൊടുക്കുക എന്നതാണ്.

പരിപൂർണ്ണമനുഷ്യനായ തിരുനബി (സ) മുഖേന അല്ലാഹു വഹ്‌യ് പൂർണ്ണമായ രീതിയിൽ ഇറക്കുകയും വിശുദ്ധഖുർആൻ എന്ന പൂർണ്ണഗ്രന്ഥം ദൈവിക വെളിപാടിലൂടെ ഇറക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് അല്ലാഹു തആലാ പറയുന്നു, ഇതും ശിഫാ നൽകുന്നതാണ്. ഇത് ആത്മീയ ശിഫാ നൽകുന്നതോടൊപ്പം ശാരീരിക ശിഫായും നൽകുന്നു.

ഒരിക്കൽ സഹാബത്ത് ഒരു സ്ഥലത്ത് പോയി. ആ പ്രദേശത്തെ നേതാവിനെ അന്ന് പാമ്പ് കടിച്ചിരുന്നു. ഒരു സഹാബി ഇതറിഞ്ഞപ്പോൾ അവിടെപോയി മന്ത്രിച്ച് ഊതി സുഖപ്പെടുത്തി. തിരിച്ച് വന്ന് തിരുനബി(സ)യോട് സഹാബത്ത് ഈ സംഭവം അവതരിപ്പിച്ചു. തിരുനബി (സ) ചോദിച്ചു, താങ്കൾ എങ്ങിനെയാണ് മന്ത്രിച്ചത്? അദ്ദേഹം പറഞ്ഞു, യാ റസൂലുല്ലാഹ് ഞാൻ സൂറ ഫാത്തിഹ ഓതി ഊതുകയാണ് ചെയ്തത്. തിരുനബി (സ) അരുളി, നീ ഓതിയത് ശരിയാണ്. 'ഇതിൽ ശിഫാ ഉണ്ടെന്ന് നിനക്കെങ്ങിനെ മനസ്സിലായി?'. അവിടെ ആ നേതാവ് സുഖം പ്രാപിച്ചപ്പോൾ മറ്റൊരു സംഭവം കൂടി നടന്നിരുന്നു. അദ്ദേഹം സുഖം പ്രാപിച്ച സന്തോഷത്തിൽ ഒരു കൂട്ടം ആടുകളെ അവർക്ക് സമ്മാനമായി നൽകി. പക്ഷെ അത് സ്വീകരിക്കാൻ സഹാബത്ത് കൂട്ടാക്കിയില്ല. ഞങ്ങൾ പ്രതിഫലം വാങ്ങാറില്ല എന്നുപറഞ്ഞാണ് അവർ അത് നിരസിച്ചത്. തിരുനബി (സ) യുടെ അടുക്കൽ ഈ കാര്യവും പരാമർശവിധേയമായി. തിരുനബി (സ) അരുളി, ആരാണോ സ്വയം നൽകുന്നത് അത് വാങ്ങുന്നതിൽ ഒരു തെറ്റുമില്ലായിരുന്നു. സഹാബി ഇത് നിഷേധിക്കുവാനുള്ള കാരണം വിശുദ്ധ ഖുർആനെ വിൽപ്പന ചരക്കാക്കരുതെന്ന നിർദ്ദേശം ഉള്ളതുകൊണ്ടാണ്. ഇന്നുള്ള പീർ ഫക്കീർമാരും മുല്ലാക്കളും ഉറുക്ക് കെട്ടിക്കൊടുത്തും മറ്റും പണം സമ്പാദിക്കുന്നു. അവർ ഇതിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതാണ്. അഹ്‌മദികൾ ഇങ്ങിനെയുള്ള പ്രവർത്തനങ്ങളിൽനിന്നും സുരക്ഷിതരാണെന്നത് അല്ലാഹുവിന്റെ വലിയ ഔദാര്യം തന്നെയാണ്.

പറഞ്ഞതിന്റെ ചുരുക്കം വിശുദ്ധഖുർആനിൽ ശാരീരികരോഗങ്ങൾക്കും ശിഫാ ഉണ്ട്, ആത്മീയരോഗ ങ്ങൾക്കും ശിഫാ ഉണ്ട് എന്നാണ്. ആത്മീയ രോഗത്തിന്റെ ശമനൗഷധമാണ് വിശുദ്ധഖുർആൻ എന്ന് വിവിധ ആയത്തുകളിൽ പ്രതിപാദിക്കുന്നുണ്ട്. ചില ആയത്തുകൾ ഞാൻ കേൾപ്പിക്കുകയാണ്. അതിന് മുൻപേ ഒരു വിശദീകരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ഞാൻ നേരത്തെ പറഞ്ഞതുപോലെ അല്ലാഹു ഒരു പരിപൂർണ്ണഗ്രന്ഥം വിശുദ്ധഖുർആന്റെ രൂപത്തിൽ തിരുനബി (സ) ക്ക് ഇറക്കിക്കൊടുത്തു. എന്നാൽ ഈ പരിപൂർണ്ണ ഗ്രന്ഥം ഇറങ്ങിയതോടുകൂടി അല്ലാഹു വഹ്‌യ് നിർത്തലാക്കിയിരിക്കുന്നു എന്ന് ഒരിക്കലും ഇതിന്നർത്ഥമില്ല. ശരീഅത്ത് പൂർണ്ണമാവുകയും ദീൻ പൂർത്തിയാവുകയും ചെയ്തു എന്നത് ശരിതന്നെ. അല്ലാഹു മുൻപുള്ള പ്രവാചകന്മാർക്ക് അവർ പുതിയ ഒരു ശരീഅത്തിന്റെ വാഹരല്ലാതിരുന്നിട്ടുകൂടി വഹ്‌യ് ഇറക്കിയതുപോലെ ഇനിയും അല്ലാഹു തന്റെ ദാസരോട് സംസാരിക്കും, ഇത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മൂസ (അ) ന്റെ ഉദാഹരണം നമ്മുടെ മുമ്പിൽ വെക്കുകയുണ്ടായി. തൗറാത്ത് ഇറക്കിയതിന് ശേഷവും അല്ലാഹു പല പ്രവാചകന്മാരെയും അയക്കുകയുണ്ടായി. തൗറാത്തിനെ സഹായിക്കാനും സത്യപ്പെടുത്താനും വേണ്ടിയാണ് അവർ വന്നത്. കാലം കഴിയുന്തോറും അതിന്റെ കൽപ്പനകളനുസരിച്ച് ജനങ്ങൾ പ്രവർത്തിക്കാതെയാകുമ്പോൾ അത് ഓർമ്മപ്പെടുത്തുന്നതിന്ന് വേണ്ടിയാണ് പ്രവാചകന്മാർ വന്നത്.

ശരീഅത്തോടുകൂടി വന്ന മുൻ പ്രവാചകന്റെ ദീനിനെ പിൻപറ്റിക്കൊണ്ടുവന്ന പ്രവാചകന്മാരോടും അല്ലാഹു സംസാരിക്കുകയുണ്ടായിട്ടുണ്ട്. ഇതു മുഖേന ജനഹൃദയങ്ങളിൽ വിശ്വാസം ശക്തമായിട്ടുണ്ടായിരുന്നു. അതേപോലെ വിശുദ്ധഖുർആന്റെ അവതരണത്തിനു ശേഷവും

വഹ്‌യുടെ വാതിൽ അടക്കപ്പെട്ടിട്ടില്ല. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഉദാഹരണം വെക്കുകയുണ്ടായി. ആ മഹാത്മാവിനോട് അല്ലാഹു ഭാഷണം നടത്തുകയുണ്ടായി. വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളെ പ്രചരിപ്പിക്കുന്നതിന്നാണ് അല്ലാഹു ആ മഹാത്മാവിനെ അയച്ചിട്ടുള്ളത്. അല്ലാഹു തആലാ നേരിട്ട് പഠിപ്പിച്ചതുകാരണം വിശുദ്ധ ഖുർആന്റെ യഥാർത്ഥജ്ഞാനം വിശ്വാസികളുടെ ഹൃദയത്തിൽ രൂഢമൂലമാകുന്നതിനും അന്യർക്ക് ഈ സന്ദേശം എത്തിച്ചുകൊടുത്തുകൊണ്ട് അവരെ ഇതിലേക്ക് ക്ഷണിക്കുന്നതിനും വേണ്ടിയാണ് അദ്ദേഹത്തെ നിയോഗിച്ചത്. അല്ലാഹുവിന്റെ ഭാഷണം അഥവാ വഹ്‌യ് അത് വെറും കഥയായി അവശേഷിക്കാതെ തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രത്യേകതയാണെന്ന് സ്ഥാപിച്ചുകൊണ്ട് വിശുദ്ധഖുർആന്റെ അന്യൂനമായ അദ്ധ്യാപനങ്ങളിൽ വിശ്വാസം വർദ്ധിക്കുവാനും തിരുനബി (സ) യിൽ വിശ്വാസം വർദ്ധിക്കാനും അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢവിശ്വാസം വർദ്ധിക്കാനും ഇത് കാരണമായിത്തീരുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

ഒരു ദീർഘകാലം കഴിയുമ്പോൾ പരിശുദ്ധ അദ്ധ്യാപനങ്ങളിൽ പൊടി പടലങ്ങൾ പറ്റിപ്പിടിച്ച് ശരിയായ സത്യത്തിന്റെ മുഖം മറഞ്ഞുപോകുമ്പോൾ ഈ സുന്ദരമുഖം വെളിപ്പെടുത്തുന്നതിന്നായി മതപരിഷ്കർത്താക്കളും മുഹദ്ദസീങ്ങളും ആത്മീയ ഖലീഫമാരും വന്നു കൊണ്ടിരിക്കുന്നതാണ്.

'അവർ ദീനിനെ ദുർബലപ്പെടുത്തുവാനല്ല വരുന്നത്. മറിച്ച് ദീനിന്റെ പ്രഭയും പ്രകാശവും വെളിപ്പെടുത്താനാണ് വരുന്നത്.'

വിശുദ്ധഖുർആന്റെ സുന്ദരമായ അദ്ധ്യാപനങ്ങളെ വ്യക്തമായ രീതിയിൽ സമർപ്പിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു തആല 14-ാം നൂറ്റാണ്ടിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അയച്ചിരിക്കുന്നത് എന്നതാണ് ഞങ്ങളുടെ വിശ്വാസം. വഹ്‌യുടെയും ഇൽഹാമിന്റെയും മാർഗ്ഗം അല്ലാഹു ഒരിക്കലും കൊട്ടി അടച്ചിട്ടില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ശേഷം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അല്ലാഹുവിന്റെ പ്രത്യേക മാർഗ്ഗദർശനങ്ങളനുസരിച്ച് മുന്നോട്ട് കൊണ്ടുപോകുക എന്നത് ഖിലാഫത്തിന്റെ ജോലിയാണ്. വിശുദ്ധഖുർആന്റെ ആധിപത്യം ലോകത്ത് സ്ഥാപിക്കുക എന്നതാണ് നമ്മുടെ പ്രധാന പ്രവർത്തനം. ഇതു മുഖേന ലോകർ യഥാർത്ഥ ചികിത്സ ലഭിച്ചുകൊണ്ട് തങ്ങളുടെ ആത്മീയ രോഗങ്ങളിൽ നിന്നും മുക്തിനേടുന്നവരായിത്തീരും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെയും അദ്ദേഹത്താൽ സ്ഥാപിതമായ ജമാഅത്തിനെയും ഇന്ന് ആക്ഷേപിക്കുന്നവർ ഒന്ന് ചിന്തിക്കട്ടെ, നിങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ കണക്കിലെടുത്തുകൊണ്ട് പണ്ഢിതന്മാർ ഉണ്ടായിട്ടുപോലും നിങ്ങളുടെ ഹൃദയത്തിലുള്ള തിന്മകൾ അകറ്റിക്കൊണ്ട് നിങ്ങൾക്ക് ശമനം നൽകുന്നതാണ് എന്ന വിശുദ്ധഖുർആന്റെ വാദം മുസ്‌ലിംകൾക്ക് ഫലം ചെയ്യുന്നുണ്ടോ? എന്നാൽ ഇന്നുള്ള മുസ്‌ലിം സമൂഹത്തിന്റെ മൊത്തത്തിലുള്ള അവസ്ഥ നമ്മോട് പറയുന്നത് പണ്ഢിതന്മാരുണ്ടായിട്ടും വിശുദ്ധഖുർആന്റെ വ്യാഖ്യാതാക്കൾ ഉണ്ടായിട്ടും വിശുദ്ധഖുർആന്റെ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുന്നില്ല എന്നാണ്. ഇതിന്റെ അർത്ഥം വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളിൽ വല്ല കുറവുമുണ്ടെന്നാണോ? അല്ല, ഒരിക്കലുമല്ല.ഈ നാമധാരികളായ നേതാക്കന്മാരുടെ പ്രവർത്തനത്തിലാണ് ന്യൂനതയുള്ളത്. അവരുടെ വാദം ഞങ്ങൾക്ക് ഒരു മസീഹിന്റെയോ മഹ്ദിയുടെയോ ആവശ്യമില്ല എന്നാണ്. അവർ തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ തിരുനബി (സ) യുടെ കൽപ്പനകളെ നിഷേധിക്കുകയാണ് ചെയ്യുന്നത്. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നും മുഅ്മിനീങ്ങൾക്ക് ശിഫാ നൽകുന്നതാണ്. അല്ലാഹു അഹ്മദികളായ നമ്മെ എപ്പോഴും ഈ അനു ഗ്രഹങ്ങളെ വിലമതിക്കുന്നവരാക്കി നിർത്തട്ടെ. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട വിശുദ്ധഖുർആനിലെ ചില ആയത്തുകൾ കേൾപ്പിക്കുകയാണ്. സൂറ ബനീ ഇസ്രായീലിൽ അല്ലാഹു തആലാ പറയുന്നു,

وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ ۙ
وَلَا يَزِيدُ ٱلظَّـٰلِمِينَ إِلَّا خَسَارًا ﴿٨٣﴾

വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവും അടങ്ങുന്നതാണ് വിശുദ്ധഖുർആനിൽ നാം ഇറക്കുന്നത്. എന്നാൽ അക്രമികൾക്ക് ഇത് നഷ്ടമല്ലാതെ മറ്റൊന്നും വരുത്തുന്നില്ല.

ഈ ആയത്തിൽ അല്ലാഹു പറയുന്നത് ഇതിൽ ശിഫായും കാരുണ്യവും ഉണ്ടെന്നാണ്. അതോടൊപ്പം പറഞ്ഞത് വിശ്വാസികളല്ലാത്തവർക്ക് നഷ്ടമല്ലാതെ ഇതിൽനിന്ന് മറ്റൊന്നും ലഭിക്കുന്നില്ല എന്നുമാണ്.

വിശുദ്ധ ഖുർആനിൽ സൂറ ബഖറയുടെ ആരംഭത്തിൽ തന്നെ പറയുന്നുണ്ട്,

ذَٰلِكَ ٱلْكِتَـٰبُ لَا رَيْبَ ۛ فِيهِ ۛ هُدًى لِّلْمُتَّقِينَ ﴿٣﴾

ഇതാണ് ഗ്രന്ഥം. ഇത് അല്ലാഹുവിന്റെ ഗ്രന്ഥമാണെന്നതിൽ ഒരു സംശയവുമില്ല. ഇത് മുത്തഖീങ്ങൾക്ക് മാർഗ്ഗദർശനമാണ്. ആത്മീയരോഗശമനവും മാർഗ്ഗദർശനവും വിശ്വാസികൾക്കുള്ളതാണ്. ആരുടെ ഹൃദയമാണോ മാലിന്യങ്ങളാൽ നിറഞ്ഞിരിക്കുന്നത് ആരാണോ എപ്പോഴും ഇതിന്റെ ന്യൂനതകൾ അന്വേഷിച്ച് നടക്കുന്നത് അവരുടെ ഉള്ളിലുള്ള വെറുപ്പും വിദ്വേഷവും കാരണമായി അവർക്ക് വിശുദ്ധ ഖുർആനിൽനിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ സാധ്യമല്ല. അവർക്ക് വിശുദ്ധ ഖുർആൻ നഷ്ടത്തിൽ വർദ്ധനവ് ഉണ്ടാക്കുക മാത്രമേ ചെയ്യുന്നുള്ളു. ഹൃദയം മുദ്രണം ചെയ്യപ്പെട്ടവരാണിവർ. അവരുടെ നാശം അല്ലാഹു നിർണ്ണയിച്ചിരിക്കുന്നു.

എന്നാൽ വിശ്വാസികൾക്ക് ഇതിൽ ശിഫായും കാരുണ്യവും അടങ്ങിയിരിക്കുന്നു. വിശ്വാസത്തിനുശേഷം ഇതിന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ച് തങ്ങളുടെ ആത്മീയ നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നവർ തീർച്ചയായും ഇതിൽനിന്ന് ഗുണമെടുക്കുന്നവരായിരിക്കും. നമ്മുടെ ഹൃദയങ്ങളിലെ അഴുക്കുകളും രോഗങ്ങളും അത്ഭുതകരമായ രീതിയിൽ അകറ്റുന്ന തരത്തിൽ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശുദ്ധ ഖുർആന്റെ യാഥാർത്ഥ്യങ്ങളും ജ്ഞാനങ്ങളും നമുക്ക് വിവരിച്ചുതരികയുണ്ടായി. ഇതുകാണുമ്പോൾ മനുഷ്യൻ അന്തം വിട്ടുപോകുന്നു. ഇതുകാണുമ്പോഴാണ് മനസ്സിലാകുന്നത് ഇവിടെ ഔഷധങ്ങളുണ്ടായിട്ടും നമുക്ക് അത് എങ്ങിനെയാണ് ഉപയോഗിക്കേണ്ടതെന്ന് അറിയില്ലായിരുന്നു എന്ന്. പലരും ചികിത്സിക്കാൻ ശ്രമിച്ചുനോക്കി. മസീഹ് മൗഊദ്(അ) നെ വിശ്വസിക്കാത്തവർ ഇന്നും ചികിത്സ ചെയ്തുനോക്കുന്നുണ്ട്. എന്നാൽ ഈ ചികിത്സയോടൊപ്പം എന്ത് വർജ്ജിക്കണം എന്ത് കഴിക്കണം എന്നൊന്നും അറിയില്ലായിരുന്നു. ഓരോ ചികിത്സയോടൊപ്പവും ഡോക്ടർമാർ പല പഥ്യവും പറയാറുണ്ട്.

ഈ കാലത്തെ മസീഹിനെ വിശ്വസിക്കുവാനും അദ്ദേഹത്തിന്റെ അടുത്തുവരാനും ഭാഗ്യം ലഭിച്ചു എന്നത് അല്ലാഹു നമ്മോട് ചെയ്ത ഔദാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു.

*നീ മുഖേന രോഗികളിൽ അനുഗ്രഹങ്ങൾ ഇറങ്ങും എന്നത് അല്ലാഹുവിന്റെ വചനമാണ്. ഇതിൽ ആത്മീയവും ഭൗതികവുമായ രോഗികൾ ഉൾപ്പെടുന്നതാണ്. ആത്മീയമായി എന്നുപറയാൻ കാരണം എന്റെ കയ്യിൽ ബൈഅത്ത് ചെയ്ത ആയിരക്കണക്കിന് പേർ, ആദ്യം അവരുടെ കർമ്മരംഗം വളരെ മോശമായിരുന്നു. എന്നാൽ ബൈഅത്തിനുശേഷം അവരുടെ കർമ്മങ്ങൾ എല്ലാം നല്ല രീതിയിലായിത്തീർന്നിരിക്കുന്നത് ഞാൻ കാണുന്നു. പലവിധ തെറ്റുകളിൽനിന്നും അവർ തൗബ ചെയ്തിരിക്കുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠ പുലർത്തുന്നവരായി അവർ മാറി. ദേഹേച്ഛകളിൽനിന്നും വിട്ടുനിൽക്കാനുള്ള ആവേശവും വ്യഗ്രതയും ഈ ജമാഅത്തിലുള്ള ശതക്കണക്കിന് വ്യക്തികളുടെ ഹൃദയത്തിൽ ഞാൻ കാണുന്നു.*

രോഗികൾക്ക് അനുഗ്രഹങ്ങൾ നൽകി രോഗശമനം നൽകാനായി അയക്കപ്പെട്ട വ്യക്തിയാണ് തിരുനബി (സ) യുടെ യഥാർത്ഥ പ്രേമിയും വിശുദ്ധ ഖുർആന്റെ യഥാർത്ഥ വക്താവും. അദ്ദേഹത്തെ അംഗീകരിക്കുന്നതിലൂടെയാണ് ആത്മാക്കൾക്ക് രോഗശമനം കൈവരികയുള്ളൂ. വിശ്വസിക്കുന്നതോടൊപ്പം എല്ലാവിധ പഥ്യവും സ്വീകരിച്ചുകൊണ്ട് ഇതിൽനിന്ന് ഫലമെടുക്കാൻ പ്രയത്നിക്കണമെന്ന് മാത്രം.

മുകളിലെ ആയത്തിൽ നിന്ന് മറ്റൊരു കാര്യം വ്യക്തമാകുന്നത് അല്ലാഹുവിന്റെ റഹ്മത്തിന്റെ അനന്തരാവകാശികൾ മുഅ്മിനീങ്ങളായിരിക്കും അതിനാൽ അവർ സന്തോഷിക്കുക. വിശുദ്ധഖുർആനിലെ പ്രവചനങ്ങൾ മുമ്പും മുഅ്മിനീങ്ങൾക്കായി പുലർന്നിട്ടുണ്ട്. ആഖരീങ്ങൾക്കായും പുലരുന്നതാണ്. മുഅ്മിനീങ്ങളും ശൈത്താന്റെ കൂട്ടരും തമ്മിലുള്ള യുദ്ധത്തിന്റെ പര്യവസാനം മുഅ്മിനീങ്ങൾക്ക് ഗുണപ്രദമായിരിക്കും. എതിരാളികൾ പരാജയമടയുക തന്നെ ചെയ്യും. ഈ പ്രവചനം മസീഹ് മൗഊദിന്റെ കാലത്തും പുലരുന്നതാണ്. അതുകൊണ്ട് സദ്പ്രകൃതക്കാരായ എല്ലാ മുസ്ലിംകളോടും അവരോടുള്ള സഹതാപത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, വിശുദ്ധഖുർആന്റെ അദ്ധ്യാപനത്തിന്റെ യഥാർത്ഥ അനുഗ്രഹവും ശിഫയും റഹ്മത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ബന്ധപ്പെട്ടാൽ മാത്രമേ ലഭിക്കുകയുള്ളൂ എന്നാണ്. കാരണം തിരുനബി (സ) തന്നിൽ വിശ്വസിക്കുന്നവരോട് വളരെ താക്കീതായി ഇക്കാര്യം പറഞ്ഞിരുന്നതാണ്. ആഖരീങ്ങളിൽ വരുന്നവരുമായി ബന്ധപ്പെട്ടാൽ മാത്രമേ ആദ്യകാലത്തുള്ളവർക്ക് കരഗതമായ അനുഗ്രഹങ്ങൾ ലഭിക്കുകയുള്ളൂ എന്നാണ് അല്ലാഹുവും പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തുമായി ബന്ധപ്പെട്ടുകൊണ്ട് വിശുദ്ധഖുർആന്റെ ആധിപത്യം ലോകത്ത് സ്ഥാപിച്ചുകൊണ്ട് നിങ്ങളുടെയും ലോകത്തിന്റെയും ആത്മീയരോഗത്തിനുള്ള ശമനത്തിനായി പ്രയത്നിക്കുക. ഈ അനുഗ്രഹത്തിന് പാത്രീഭൂതരാകാനും ഇതിൽനിന്ന് ഒരിക്കലും അകറ്റപ്പെടാതിരിക്കാനും അല്ലാഹു നമുക്കും തൗഫീഖ് നൽകുമാറാകട്ടെ.

സൂറ:യൂനുസിൽ അല്ലാഹു പറയുന്നു.

يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٥٧﴾

(10:58)

ജനങ്ങളെ, തീർച്ചയായും നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു തത്വോപദേശവും ഹൃദയത്തിലുള്ള (രോഗങ്ങൾക്ക്) ശമനൗഷധവും നിങ്ങൾക്ക് വന്നു കിട്ടിയിരിക്കുന്നു. വിശ്വാസികൾക്ക് മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു (അത്).

ഈ വചനത്തിൽ അല്ലാഹു മനുഷ്യരാശിയെ ആകമാനം സംബോധന ചെയ്തുകൊണ്ട് പറയുന്നത്, ഈ പ്രപഞ്ചത്തിന്റെ നാഥനായ, ആകാശഭൂമികളിലുള്ള ഒന്നും തന്നെ തന്റെ പരിപാലനത്തിൽനിന്നും ഒഴിഞ്ഞു പോയിട്ടില്ലാത്ത ദൈവത്തിന്റെ ഗ്രന്ഥമാണ് ഇത് എന്നാണ്. അതുകൊണ്ട് ഈ വചനങ്ങളെ ലാഘവത്തോടെ കാണരുത്. ഈ ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകനെയും നിസ്സാരമായി കാണരുത്. ആ മഹാത്മാവിനെ **റഹ്മത്തുല്ലിൽ ആലമീൻ**, സർവ്വലോകാനുഗ്രഹിയായാണ് നാം അയച്ചിട്ടുള്ളത്. ഈ ഒരു ഗുണം ജീവിത ത്തിൽ പകർത്തിക്കൊണ്ട് ഈ ഒരു ഗ്രന്ഥം മുഖേന നിങ്ങൾ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിന്നായി അദ്ദേഹം നിങ്ങളെ ഉപദേശിക്കുകയാണ് ചെയ്യുന്നത്. അത് നിങ്ങളുടെ ഹൃദയങ്ങളെ രോഗങ്ങളിൽനിന്ന്

മുക്തമാക്കുന്നു. അങ്ങിനെ നിങ്ങൾക്ക് ആത്മീയതയിൽ അഭിവൃദ്ധി കൈവരിക്കാൻ സാധിക്കുന്നതാണ്. അത് നിങ്ങളുടെ സന്മാർഗ്ഗത്തിന്നും കാരുണ്യലബ്ധിക്കുമുള്ള മാർഗ്ഗങ്ങൾ പ്രദാനം ചെയ്യുന്നു. അത് മുഖേന നിങ്ങൾ സന്മാർഗ്ഗദർശികളായി അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കുന്നവരായിത്തീരുന്നു. അപ്പോൾ മാത്രമേ യഥാർത്ഥവിശ്വാസികളാണെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുകയുള്ളൂ. തിരുനബി (സ) ക്ക് ഈ ഗ്രന്ഥം ഇറക്കിക്കൊടുത്തുകൊണ്ട് മനുഷ്യകുലത്തോടാകമാനം അല്ലാഹു വലിയ ഔദാര്യമാണ് കാണിച്ചിരിക്കുന്നത്. എല്ലാതരം ഉപദേശങ്ങളും, മനുഷ്യനെ ധർമ്മാനുഷ്ഠാനമുള്ളവനും ദൈവീകമനുഷ്യനുമാക്കിത്തീർക്കുന്ന സർവ്വവിധ കൽപ്പനകളും അടങ്ങിയിരിക്കുന്ന ഗ്രന്ഥമാണിത്. അതിനാൽ ഇങ്ങിനെയുള്ള സംപൂർണ്ണ ഗ്രന്ഥത്തിൽ നിന്നും ഗുണമെടുക്കാൻ നിങ്ങൾ ശ്രമിക്കുക. ഇത് മൂലം നിങ്ങളുടെ ഈ ലോകവും പരലോകവും ശരിയായിത്തീരുന്നതാണ്. ഈ ലോകത്ത് നിങ്ങളുടെ ജീവിത ലക്ഷ്യം തിരിച്ചറിയുന്നവരായി നിങ്ങൾ മാറുന്നതാണ്.

ഇതിനെക്കുറിച്ച് ബുദ്ധിയുള്ള ഒരാൾ ചിന്തിക്കുകയാണെങ്കിൽ ഇസ്‌ലാം ബലപ്രയോഗത്തിലൂടെയാണ് പ്രചരിച്ചത് എന്ന ആക്ഷേപം നിരർത്ഥകമാണെന്ന് മനസ്സിലാകുന്നതാണ്. അല്ലാഹു പറയുന്നത് ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു ഉപദേശമാണെന്നാണ്. ഇത് നിങ്ങളുടെ ഗുണത്തിനുവേണ്ടിയുള്ളതാണ്. തിരുനബി (സ) ഒരു സൈന്യമുണ്ടാക്കി ജനങ്ങളെ കീഴ്പ്പെടുത്തി തന്റെ അധികാരം സ്ഥാപിക്കാനല്ല ഇത് ഇറക്കിയത്. മറിച്ച് നിങ്ങളുടെ ഗുണത്തിന്നായിട്ടാണ് ഇത് ഇറക്കിയിട്ടുള്ളത്. മറ്റൊരു സ്ഥലത്ത് തബ്‌ലീഗ് പ്രവർത്തനത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അല്ലാഹു പറയുന്നു,

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ

ഹിക്മത്തിലൂടെയും സദുപദേശത്തിലൂടെയും നിന്റെ നാഥനിലേക്ക് ജനങ്ങളെ ക്ഷണിക്കുക.

സദുപദേശം ( مَوْعِظَةِ ٱلْحَسَنَةِ ) എന്നത് വിശുദ്ധ ഖുർആന്റെ സുന്ദരമായ അദ്ധ്യാപനങ്ങളാണ്. ഇതിൽ മനുഷ്യന്റെ നന്മക്കും ഉന്നമനത്തിനുമുള്ള കാര്യങ്ങളാണ് പരാമർശിച്ചിട്ടുള്ളത്. ആത്മീയ രോഗശമനത്തിനുള്ള അദ്ധ്യാപനങ്ങളാണ് ഇതിൽ ഉൾക്കൊണ്ടിട്ടുള്ളത്.

ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുവാൻ നമ്മോട് കൽപ്പിച്ചിട്ടുണ്ടെങ്കിൽ തന്നെ അത് നമ്മുടെ ശക്തി പ്രകടനത്തിനോ ഒരു സംഘം ഉണ്ടാക്കിത്തീർക്കാനോ അല്ല, മറിച്ച് മറ്റുള്ളവരോടുള്ള സഹാനുഭൂതി ഹൃദയത്തിൽ ഉളവാക്കിക്കൊണ്ട് അവരെ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുവരുന്നതിന്ന് വേണ്ടിയാണ്. അവരുടെ ആത്മീയരോഗം ഇല്ലാതാക്കുന്നതിനും വേണ്ടിയാണ്. തിരുനബി(സ)യിൽ ഇറക്കപ്പെട്ട ഈ ഗ്രന്ഥമാണ് നിങ്ങളുടെ ആത്മീയ രോഗത്തിനുള്ള ഒരേ ഒരു ശമനൗഷധമെന്ന് അവരോട് പറയുക. ദൈവത്തിനുവേണ്ടി ഇത് സ്വീകരിക്കുക. അങ്ങനെ നിങ്ങൾക്ക് ഇരുലോകത്തും നന്മകൾ കൊയ്യാൻ സാധിക്കുന്നതാണ്.

ഇസ്‌ലാം പ്രചരിപ്പിച്ചത് ബലാൽക്കാരം മുഖേനയാണെന്ന ആക്ഷേപത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. ചരിത്രം പാരായണം ചെയ്യുകയാണെങ്കിൽ വിശുദ്ധ ഖുർആന്റെ അതിമനോഹരമായ അദ്ധ്യാപനങ്ങൾ മുഖേനയാണ് ഇസ്‌ലാം പ്രചരിച്ചത് എന്ന് മനസ്സിലാകുന്നതാണ്. മുമ്പുള്ള വിജയങ്ങളെല്ലാം ഇതുമുഖേനയാണുണ്ടായത്. ഇന്നും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതേ രീതിയിലാണ് ഹൃദയത്തെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ചില ഭീകരവാദികളുടെ അവിഹിത പ്രവർത്തികൾ കാരണം ഇസ്‌ലാമിന്നെതിരിൽ ആഞ്ഞടിക്കുന്ന പാശ്ചാത്യശക്തികൾ മുമ്പും പിമ്പും നോക്കാതെ ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിന്നുപകരം ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനത്തിലേക്ക് ഒന്ന് കണ്ണോടിക്കണം എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഈ അദ്ധ്യാപനത്തെ മുൻപത്തേക്കാളുപരി ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കേണ്ടത് ഇന്ന് നമ്മുടെ കർത്തവ്യമാണ്. ഇത് മനുഷ്യകുലത്തിന് ദിവ്യൗഷധമായി വർത്തിക്കുന്നതാണ്. ഏതൊരു ഉപദേശങ്ങൾ മുഖേനയും സന്മാർഗ്ഗദർശനം മുഖേനയും നാം ഫലമെടുക്കുന്നുണ്ടോ അതിൽ മറ്റുള്ളവരേയും ഭാഗഭാക്കുകളാക്കുക. ഈ ഒരു സഹാനുഭൂതിയാണ് ഇന്ന് യഥാർത്ഥ അഹ്‌മദിക്ക് ലോകത്തോട് പ്രകടിപ്പിക്കാനുള്ളത്.

മറ്റൊരു കാര്യത്തിന്റെ വിശദീകരണം കൂടി ഇവിടെ ആവശ്യമാണ്. ഇവിടെ അല്ലാഹു പറയുന്നത്, شِفَآءٌ لِّمَا فِى ٱلصُّدُورِ ഹൃദയത്തിലുള്ള എല്ലാ രോഗങ്ങൾക്കും ഇത് ശമനൗഷധമാണ് എന്നാണ്. ഇതിനെ സംബന്ധിച്ച് പറയപ്പെടുന്നത്, ചിന്തകളെല്ലാം, അവ നല്ലതായാലും മോശമായാലും തലച്ചോറിലല്ലേ ഉണ്ടാകുന്നത്, അതിന്ന് ഹൃദയവുമായി എന്താണ് ബന്ധം എന്നാണ്. ആത്മീയകാര്യങ്ങളിൽ പഠനം നടത്തുന്നവർ പറയുന്നത് ആത്മീയമായ അവസ്ഥ ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. നമ്മേ സംബന്ധിച്ചിടത്തോളം വിശുദ്ധ ഖുർആൻ പറഞ്ഞു എന്നതാണ് ഏറ്റവും വലിയ തെളിവ്. എന്നാൽ ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഹൃദയവും മസ്തിഷ്കവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഇപ്പോൾ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. വികാരങ്ങളുടെയും ചിന്തകളുടെയും പ്രതികരണം ഹൃദയത്തെ സ്വാധീനിക്കുന്നില്ലേ എന്നും ഗവേഷണവിധേയമാക്കിക്കൊണ്ടിരിക്കുന്നു. ചില ശാസ്ത്രജ്ഞന്മാർ ഇപ്പോൾ അംഗീകരിക്കുന്നത് വികാരങ്ങളുടെയും ചിന്തകളുടെയും പ്രതികരണം ആദ്യമായി ഹൃദയത്തിലാണ് ഉണ്ടാകുന്നത് എന്നാണ്. മറ്റൊരു ഗവേഷണത്തിൽനിന്ന് തെളിഞ്ഞത് മസ്തിഷ്ക്കം നൽകുന്ന അറിവിനേക്കാളും കൂടുതൽ അറിവുകൾ ഹൃദയം മസ്തിഷ്ക്കത്തിന് നൽകുന്നു എന്നാണ്. ഇതുവരെ മനുഷ്യന്റെ വൈകാരികമായ അവസ്ഥകളെക്കുറിച്ചും ശാരീരിക അവസ്ഥകളെകുറിച്ചുമാണ് ഗവേഷണം നടന്നിട്ടുള്ളത്.

ആത്മീയതയെ കുറിച്ച് ഏതായാലും ഭൗതികഗവേഷക ന്മാർക്ക് ബാഹ്യമായി ഗവേഷണം നടത്താൻ സാധ്യമല്ല. ഇവ രുടെ ഗവേഷണങ്ങളിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കാര്യം ചില വൈകാരികമായ അവസ്ഥകളും ചില മരുന്നുകൾ നിർണ്ണയിക്കുന്നതിന്ന് കാരണമായി ത്തീരുന്നു എന്നാണ്. ഇങ്ങിനെ നോക്കുമ്പോൾ ഹൃദയ ത്തിലുണ്ടാകുന്ന ചില ആത്മീയ രോഗങ്ങളാണ് മനു ഷ്യനെ ഹിദായത്തിൽ നിന്നും ദൂരെപ്പെടുത്തുന്നത് എന്ന് കാണാൻ സാധിക്കുന്നതാണ്. ചുരുക്കത്തിൽ ഈ രീതിയിൽ ഗവേഷണം മുന്നോട്ട് കൊണ്ടുപോകുന്ന വരുണ്ട്. ഇതിന് വിരുദ്ധമായ നിലപാട് ഉള്ളവരുമുണ്ട്. അവരെല്ലാം അവരവരുടെ ഗവേഷണം നടത്തിക്കൊ ണ്ടിരിക്കുന്നു. ലോകത്തിന്റെ ശ്രദ്ധ ഈ ഭാഗത്തേക്കും തിരിഞ്ഞിട്ടുണ്ട്. ചിലർ പറയുന്നത് ചില ചിന്തകൾ ആദ്യം ഹൃദയത്തിൽ ഉടലെടുക്കുകയും അത് മസ്തിഷ്കത്തിന് അറിവ് നൽകുകയും ചെയ്യുന്നു എന്നാണ്. മറ്റു ചിലർ പറയുന്നത് മസ്തിഷ്കത്തിലാണ് എല്ലാ ചിന്തകളും ഉദിക്കുന്നതെന്നും ഹൃദയത്തിന് ഇതുമായി ഒരു ബന്ധ വും ഇല്ലെന്നുമാണ്. റബ്‌വയിലെ താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇൻചാർജ്ജ് ആയ നമ്മുടെ ഡോക്ടർ നൂരി സാഹിബ്, അദ്ദേഹം ഗവർമെന്റ് സർവ്വീസിലായി രുന്നപ്പോഴും തന്റെ ക്ലിനിക്കിൽ ഇപ്രകാരം എഴുതി വെച്ചിരുന്നു,

أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ

'ഓർക്കുക! അല്ലാഹുവിന്റെ സ്മരണയിലാണ് ഹൃദയ ശാന്തി കൈവരിക്കുക'

അഹ്മദീ ഡോക്ടർമാർക്കാണ് ഇങ്ങിനെ ചിന്തിക്കാൻ കഴിയുക. ദൈവസ്മരണ തീർച്ചയായും ഹൃദയശാന്തിക്ക് കാരണമായിത്തീരുന്നതാണ്. പല ഹൃദയരോഗങ്ങളും മനുഷ്യന്റെ വൈകാരികമായ അവസ്ഥയിൽനിന്നാണ് ഉണ്ടാകുന്നത്. ചുരുക്കത്തിൽ ആത്മീയ രോഗശമനവും ഭൗതികരോഗശമനവും അല്ലാഹുവിന്റെ സ്മരണയിലാ ണുള്ളത്. ഇതിനുള്ള മാർഗ്ഗം വളരെ വ്യക്തമായ രീതി യിൽ വിശുദ്ധഖുർആൻ നമ്മുടെ മുമ്പിൽ തുറന്നു വെച്ചിട്ടുണ്ട്.

മറ്റൊരുകാര്യം ആനുഷങ്കികമായി പറയാൻ ആഗ്രഹി ക്കുന്നു. ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഡോക്ടർ നൂറി സാഹിബും അദ്ദേഹ ത്തിന്റെ സ്റ്റാഫും വളരെ പ്രയത്നത്തോടുകൂടി മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. രോഗികൾ സുഖംപ്രാപിക്കുന്ന പല അത്ഭുതങ്ങളും ഇവിടെയുണ്ടായിട്ടുണ്ട്. അമേരിക്ക യിൽ നിന്നും മറ്റും പോയ ചില ഡോക്ടർമാർ എന്നോട് പറഞ്ഞത് അവിടെ ചില കേസുകൾ അത്ഭുതകരമായ രീതിയിൽ ശരിയാകുന്നത് കണ്ട് ഞങ്ങൾ തന്നെ അന്തം വിട്ട് പോയി എന്നാണ്. നമ്മുടെ ഡോക്ടർമാർ ദുആ ചെയ്തുകൊണ്ട് അവരുടെ പ്രാക്ടീസ് തുടങ്ങുന്നു എന്നതും അല്ലാഹുവിന്റെ ഔദാര്യമാണ്. അവർക്ക് അല്ലാ ഹുവിൽ പൂർണ്ണവിശ്വാസമാണ്. അല്ലാഹു അവരുടെ കര ങ്ങളിൽ ശിഫ വെക്കുമാറാകട്ടെ. മുമ്പത്തേക്കാളുപരി അവരുടെ രോഗികൾ സുഖം പ്രാപിക്കുന്നവരായി ത്തീരട്ടെ.

മറ്റൊരായത്തിൽ അല്ലാഹു തആലാ അരുളുന്നു,

وَلَوْ جَعَلْنَٰهُ قُرْءَانًا أَعْجَمِيًّا لَّقَالُوا۟ لَوْلَا فُصِّلَتْ ءَايَٰتُهُۥٓ ۖ ءَا۬عْجَمِىٌّ وَعَرَبِىٌّ ۗ قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ ﴿٤٤﴾

(41:45)

നാം ഈ ഖുർആൻ (അറബിയല്ലാത്ത) അന്യഭാഷ യിൽ ആക്കിയിരുന്നെങ്കിൽ അവർ പറയുമായിരുന്നു: ഇതിലെ സൂക്തങ്ങൾ എന്തുകൊണ്ട് നല്ലവണ്ണം വിശദീ കരിക്കപ്പെട്ടിട്ടില്ല? എന്ത്! ഗ്രന്ഥം അന്യഭാഷയിലുള്ളതും (അതിന്റെ വാഹകർ) അറബിയിലുമോ? പറയുക, 'ഇത് വിശ്വസിച്ചവർക്ക് മാർഗ്ഗദർശനവും ശമനവുമാണ്. വിശ്വ സിക്കാത്തവരെ സംബന്ധിച്ചിടത്തോളം അവരുടെ കാതു കളിൽ ബധിരതയുണ്ട്. ഇത് അവർക്ക് അന്ധതയാണ്. അവർ ഒരു വിദൂര സ്ഥലത്ത് നിന്ന് വിളിക്കപ്പെടുന്നു.

ഇതിനു മുമ്പിലുള്ള ആയത്തുകളിൽ അല്ലാഹു തആലാ പറയുന്നു. ചിലരുണ്ട് ജനങ്ങളെ സംശയത്തി ലകപ്പെടുത്താൻ വേണ്ടി വല്ലതും ലഭിക്കുമോ എന്ന് അന്വേഷിച്ചുകൊണ്ട് വിശുദ്ധഖുർആൻ നോക്കുന്നു. അവർ ആഗ്രഹിക്കുന്നത് ജനങ്ങളെ ഈ അദ്ധ്യാപന ത്തിൽ നിന്നും അകറ്റി നിർത്തുവാനാണ്. അല്ലാഹു പറയുന്നു,അവരെ കൈകാര്യം ചെയ്യുന്ന കാര്യം ഞാനേറ്റു. ഈ ലോകത്ത് നിങ്ങൾക്കെന്തുവേണമെങ്കിലും ചെയ്യാം. ഈ ഖുർആൻ ആദരണീയമായ ഗ്രന്ഥമാണ്. ഇതിനെ പരിഹസിച്ചുകൊണ്ട് നിങ്ങളുടെ നാശത്തിനുള്ള വഴിക ളാണ് നിങ്ങൾ ഒരുക്കുന്നത്. നിങ്ങളുടെ പരിഹാസമോ നിങ്ങളുടെ ആക്ഷേപങ്ങളോ ഇതിന് ഒരു ന്യൂനവും വരുത്തുകയില്ല. കാരണം ഇതിനകത്ത് സത്യസന്ധമായ ഒരദ്ധ്യാപനമുണ്ട്. കളവ് ഇതിനെ സമീപിക്കുകപോലുമില്ല. ഇതിന് ഒരു നഷ്ടവും അത് വരുത്തിവെക്കുകയുമില്ല. സദ്പ്രകൃതക്കാർ ഇതിൽനിന്നും പ്രയോജനമടയുന്ന താണ്. ദുർവൃത്തരാണെങ്കിൽ അവരുടെ ജോലി തന്നെ ആക്ഷേപിക്കുക എന്നതാണ്. അറബിയിൽ എന്തിനി റങ്ങി? അറബി അല്ലാത്ത ഭാഷയിൽ എന്തുകൊണ്ടിറങ്ങി യില്ല എന്നീ ആക്ഷേപങ്ങൾ എപ്പോഴും നിലനിൽക്കും. മറ്റേതെങ്കിലും ഭാഷയിലാണ് ഇറങ്ങിയതെങ്കിൽ എന്തു കൊണ്ട് അറബിയിൽ ഇറങ്ങിയില്ല എന്ന് ചോദിക്കും. അല്ലാഹു ഇവിടെ പറയുന്നത് ഇത് വിശ്വസിക്കുന്നവർക്കു ള്ളതാണ്. ആക്ഷേപിക്കുന്നവർ ബധിരരാണ്. ഇതു കാര ണം ഈ അദ്ധ്യാപനത്തിന്റെ സൗന്ദര്യം അവർക്ക് കേൾ ക്കാൻ സാധ്യമല്ല. ഇതുമുഖേന അവർക്കൊരു പ്രയോജ നവും ലഭിക്കുന്നതല്ല. ഒന്ന് അവർക്ക് ബധിരതയാണ്. മറ്റൊന്ന് അവർ വിദൂരസ്ഥലത്താണ് നിൽക്കുന്നതും.

അവർ സമീപത്ത് വരാൻ തീരെ ആഗ്രഹിക്കുന്നില്ല. ദൂരെ നിന്നുകൊണ്ട് ആക്ഷേപം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ കുറിച്ച് ചിന്തിക്കാൻ ശ്രമിക്കുന്നുമില്ല. ഇന്ന് പാശ്ചാത്യ നാടുകളിൽ വസിക്കുന്ന, വിശുദ്ധഖുർആനെ കുറിച്ച് ഒന്നും ചിന്തിക്കാതെ ആക്ഷേപിച്ചു കൊണ്ടിരിക്കുന്നവരുടെ അവസ്ഥയാണ് ഇവിടെ വിവരിച്ചത്.

എന്നാൽ ചിലർ വിശുദ്ധ ഖുർആൻ പഠിക്കുന്നവരുണ്ട്. ഇന്ത്യൻ പര്യടനവേളയിൽ ഒരു കൃസ്തുമതവിശ്വാസി എന്നെ കാണുകയുണ്ടായി. അദ്ദേഹം എന്നോട് പറഞ്ഞത് ഞാൻ വിശുദ്ധഖുർആനിൽനിന്ന് പലകാര്യങ്ങളും അന്വേഷിച്ച് കണ്ടെത്തുന്നു എന്നാണ്. അവരുടേതായ ചില ഉദ്ദേശങ്ങളുണ്ടാകുമെങ്കിലും അദ്ദേഹം പറഞ്ഞു ഞാൻ ബൈബിളിനെപ്പോലെ ഖുർആനെയും ആദരിക്കുന്നു. വിശുദ്ധഖുർആനിൽനിന്നും പഠിച്ച പലകാര്യങ്ങളും അദ്ദേഹം എന്നോട് പറയുകയുണ്ടായി. പഠിക്കാൻ ശ്രമിക്കുന്നവർക്ക് അല്ലാഹു പതുക്കെ പതുക്കെ ഹിദായത്ത് നൽകുകയും ചെയ്യുന്നു. ഈ മനോഹരമായ അദ്ധ്യാപനത്തെ മനസ്സിലാക്കുന്നതിന്ന് ലോകത്തുള്ള ഭൂരിപക്ഷത്തിനും അല്ലാഹു ബുദ്ധി നൽകുമാറാകട്ടെ. അങ്ങിനെ അവർക്ക് ഇരുലോകാനുഗ്രഹങ്ങളും കരസ്ഥമാക്കാൻ സാധിക്കുമാറാകട്ടെ. മുസ്ലിംകൾക്ക് വേണ്ടിയും നാം പ്രാർത്ഥിക്കേണ്ടതാണ്. അല്ലാഹു അവർക്കും ബുദ്ധി നൽകുമാറാകട്ടെ. അവരുടെ ഹൃദയം അല്ലാഹു തുറക്കുമാറാകട്ടെ. വിശുദ്ധഖുർആന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ ആത്മീയ രോഗത്തിനുള്ള ചികിത്സ കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിച്ചുകൊണ്ട് നടത്തുന്നവരായിത്തീരട്ടെ. ഇന്നുള്ള മുസ്ലിം ലോകത്തിന്റെ അവസ്ഥ ഓരോ യഥാർത്ഥ മുഅ്മിനെയും കരയിപ്പിക്കുന്നതാണ്. ലോകത്തിന്റെ രക്ഷകരായ ഇവർ ഇന്ന് ആത്മീയവും ഭൗതികവും രാഷ്ട്രീയവുമായ രീതിയിൽ രോഗികളായി ത്തീർന്നിരിക്കുകയാണ്. മറ്റുള്ളവരെ ആശ്രയിച്ചുകൊണ്ടാണ് അവർ ജീവിക്കുന്നത്. കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിച്ചുകൊണ്ട് മതപരവും ഭൗതികവുമായ എല്ലാ രോഗങ്ങളിൽ നിന്നും മുക്തികൈവരിക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിനെ സ്വീകരിച്ചുകൊണ്ട് നഷ്ടപ്പെട്ടുപോയ പ്രതാപം വീണ്ടെടുക്കുവാനുള്ള ബുദ്ധി അല്ലാഹു അവർക്ക് നൽകുമാറാകട്ടെ. ഈ ആത്മീയ നീരുറവയിൽ നിന്നും എപ്പോഴും പ്രയോജനമടയുന്നവരായിത്തീരാൻ അല്ലാഹു നമുക്കും തൗഫീഖ് നൽകുമാറാകട്ടെ. സർവ്വവിധ ശാരീരികവും ആത്മീയവുമായ എല്ലാ രോഗങ്ങളിൽനിന്നും അല്ലാഹു നമ്മെ സംരക്ഷിക്കുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 94461 51197**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 26 -12 - 2008 at**
**Baitul Futuh**
**London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**